ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും പരിഹരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

മീൻപിടിത്ത കപ്പൽ

*ഫ്രവ്യ (സ്) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) 'ചന്ദ്രിക' എന്ന മീൻപിടിത്ത കപ്പലിന്റെ പ്രവർത്തനത്തിനു് എന്തു പുരോഗതി ഉണ്ടായിട്ടുണ്ടു്;

(ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിൽ ആ കപ്പൽ എവിടെയെല്ലാം പ്രവർത്തനം നടത്തി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കഴിഞ്ഞ ഏപ്രിൽമാസത്തിനു ശേഷം കപ്പൽ പ്രവർത്തനം നടത്തിയിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ആ കപ്പലിനുവേണ്ടി ഗവൺമെന്റിൽ നിന്നും എന്തു തുക ചിലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുസംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ഇപ്പോൾ അതെന്താണ് ഉപയോഗിക്കാത്തതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സീ വർത്തി ആയിട്ടില്ല എന്നാണു റിപ്പോർട്ട് കിട്ടിയിട്ടുള്ളതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കപ്പൽ വാങ്ങിയിട്ടു എത്ര മാസങ്ങൾ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല. കുറച്ചുകാലം നടത്തിയിട്ടുണ്ടു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കപ്പൽ പ്രവർത്തനം നടത്തിയ കാലമാണോ കൂടുതൽ അതോ നടത്താത്ത കാലമാണോ കൂടുതൽ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: അതിനെ സീവർത്തിയാക്കാൻ എന്തു ചെയ്യുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു തവണ റിപ്പയർചെയ്തു പരീക്ഷിച്ചു നോക്കിയതിൽ പിന്നെയും ചില റിപ്പയർകൂടി ചെയ്യണമെന്നാണ് അറിയിച്ചിരിക്കുന്നതു്. അങ്ങിനെ റിപ്പയർ നടത്തിക്കൊണ്ടിരിക്കണമോ എന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നു.

Sri. P. Balakrishnan Tampi: Is 'Chandrika' coming back to the place from where it started?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. വേലായുധൻ നായർ മലയാളത്തിൽ ചോദിച്ച ചോദ്യംതന്നെയാണ് ഇതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. തങ്ങപിള്ള: റിപ്പയർ നടത്തിയതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ബ്രണ്ടൻ ആൻഡ് കമ്പനിയാണെന്നാണു തോന്നുന്നതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു നന്നാക്കുന്നതിനു് എത്ര രൂപാ ചിലവായി.

ശ്രീ. ടി. കെ. നാരായണപിള്ള: കുറെ രൂപാ ചിലവായി. കണക്കു കൈവശമില്ല.

ശ്രീ. റഫേൽ ജെ. റൊസ്സിഗ്നസ്: റിപ്പയർ ചെയ്തിട്ടു അതു ശരിയായിട്ടില്ലെങ്കിൽ അവരിൽനിന്നു നഷ്ടമീടാക്കിക്കൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരു നിയമ പ്രശ്നമാണു്.

Sri. Elias Mary Antony: Is the ship in porting condition?

(No answer)

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ കപ്പൽ കരയിലിട്ടിരിക്കുകയാണോ വെള്ളത്തിലിട്ടിരിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണ പിള്ള: സൂക്ഷ്മമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. നന്നാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്. വെള്ളത്തിലിട്ടിരിക്കുന്നുവെന്നാണു് തോന്നുന്നതു്.

ശ്രീ. കെ. എ. മാത്യു: ആ കപ്പൽ വിൽക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി ആലോചിക്കേണ്ട സമയമായിട്ടില്ലെന്നു തോന്നുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ആ കപ്പലിനു് എത്ര വിലയായി എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്റെ ഓർമ്മയിൽനിന്നു പറയുകയാണെങ്കിൽ മൂന്നോ നാലോ ലക്ഷമാണെന്നാണു് തോന്നുന്നതു്.

Sri. P. Balakrishnan Tampi: Sir, when a question is addressed to the Treasury Benches, he must either tell us the exact answer or must claim notice. We do not expect Ministers to reply from their memory and personal knowledge.

മിസ്റ്റർ സ്പീക്കർ: ചന്ദ്രിക എന്ന മീൻപിടിത്തക്കപ്പലിനെപ്പറ്റിയുള്ള ചോദ്യം (എ) അതിന്റെ പ്രവർത്തനത്തിനു് എത്ര പുരോഗതി ഉണ്ടായിട്ടുണ്ടെന്നും (ബി) ഇക്കഴിഞ്ഞ ഒരു വർഷത്തിൽ ആ കപ്പൽ എവിടെയെല്ലാം പ്രവർത്തനം നടത്തി എന്നുമാണു്. അതു എവിടെയെല്ലാം പ്രവർത്തനം നടത്തിയെന്നുള്ളതും, പ്രവർത്തനം നടത്തുന്നതരത്തിലാണോ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്നുള്ളതും മിക്കവാറും ആ ചോദ്യത്തിൽ നിന്നും ന്യായമായി ഉൽഭവിക്കാവുന്ന ചോദ്യങ്ങളാണു്. അതുകൊണ്ടു് ഗവർമ്മെൻറ മെമ്പറന്മാർ പ്രധാനമായ ചോദ്യത്തിൽനിന്നും ന്യായമായി ഉൽഭവിക്കാവുന്ന ഉപചോദ്യങ്ങൾക്കുകൂടി ഉത്തരം നൽകത്തക്കവിധത്തിൽ വിവരങ്ങളെല്ലാം ശേഖരിച്ചിരിക്കേണ്ടതാണു്. അതുപോലെ തന്നെ വിഷയവുമായി ബന്ധമില്ലാത്ത കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറന്മാർ ഉപചോദ്യങ്ങൾ ചോദിക്കുന്നതു് പ്രയോജനപ്രദമല്ല. ആ കപ്പലിനു് എത്ര വിലകൊടുത്തു എന്നുള്ള ചോദ്യം അതിൽനിന്നും ഉൽഭവിക്കുന്നതല്ല. വിലകൊടുത്ത കണക്കു് സാധാരണഗതിയിൽ നോട്ടീസു് കൂടാതെ പറയാൻ സാദ്ധ്യമല്ല. അ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങനെയുള്ള സന്ദർഭങ്ങളിൽ വരുമ്പോൾ ശ്രീ. ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ നോട്ടീസ് ക്ലെയിം ചെയ്യ ഉത്തരം പറയാതിരിക്കാം. ന്യായമായി ഉൽഭവിക്കാവുന്ന ഉപചോദ്യങ്ങൾകൂടി നിവൃത്തിയുള്ളിടത്തോളമുള്ള വിവരങ്ങൾ രേഖരിച്ച് ഉത്തരം പറയാൻ ഗവൺമെൻറ് മെമ്പറന്മാർ തയാറായിരിക്കുമെന്നു വിശ്വസിക്കുന്നു.

DEVICOLAM LAND ASSIGNMENT

*1184. [10] **Sri. M. I. Paul:** Will the Hon'ble Minister for Food be pleased to state,—

(*a*) what is the income so far received by the Government from the land assignment in Devicolam for paddy cultivation; and

(*b*) if any income has been received, has that amount been included in the present budget?

Minister for Education, Food and Labour **(Sri. T. K. Narayana Pillai)**

(*a*) Rs. 6,346—1—4.

(*b*) The lands were leased and the rent was received in 1950—1951. The budget of 1951—1952 cannot give the actual revenue receipts of 1950—51.

ശ്രീ. എം. ഐ. പോൾ: ഗവൺമെൻറിലേക്ക് കിട്ടിയിട്ടുള്ള ആദായം സ്ഥലം പതിച്ചുകൊടുത്തിട്ടുള്ളതിൽനിന്ന് ലാൻറ് വാല്യു ആയുള്ളതോ പതിച്ചുകൊടുത്തപ്പോഴുണ്ടായിരുന്ന മുപ്പതിഞ്ചിനു കീഴോട്ടുള്ള വെട്ടി മാറിയ തടിയുടെ വിലയോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലം ഒർക്കും പതിച്ചുകൊടുത്തിട്ടില്ല. കുത്തകപ്പാട്ടത്തിനാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. എം. ഐ. പോൾ. തടിവിലയിൽ ഗവൺമെൻറിലേക്ക് വല്ല ആദായവും വന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഈ ചോദ്യത്തിൽനിന്ന് ഉൽഭവിക്കുമെന്നു വിചാരിച്ചില്ല. അതുകൊണ്ട് ഇപ്പോൾ അതിനു ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: ഞാൻ ചോദ്യം അയച്ചപ്പോൾ തടിയുടെ വിലക്കായ്ക്കൂടി ഉൾപ്പെടുത്തിയിരുന്നു. അതുകൊണ്ട് പ്രത്യേകമായി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നതു, തടിയുടെ വിലവകയായി ഗവൺമെൻറിലേക്ക് വരവുണ്ടോ, ഉണ്ടെങ്കിൽ എത്രയാണു; എന്നാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ: കഴിഞ്ഞ ഒക്ടോബർ സെഷനിൽ തടിവിലയിൽ എത്ര സംഖ്യ വന്നിട്ടുണ്ടെന്നു ചോദിച്ചപ്പോൾ അതിൻറെ വിവരം ശേഖരിച്ചു പൂർത്തിയായിട്ടില്ലെന്നും അടുത്ത അസംബ്ലിയിൽ പറയാമെന്നും പ്രസ്താവിക്കുകയുണ്ടായി.

മിസ്റ്റർ സ്പീക്കർ. ഇപ്പോൾ അതേസംബന്ധിച്ചു മറുപടി പറയത്തക്ക വിവരം കൈവശമില്ല. അതുകൊണ്ട് അതേപ്പറ്റി വാദപ്രതിവാദം നടത്താൻ പാടില്ല.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഈ വനംപതിവിനെ സംബന്ധിച്ചും മറ്റും ചോദ്യങ്ങൾ വരുമ്പോൾ—

LIBRARY ARCHIVES Kerala Legislative Assembly